(ഡി) റബ്കോ ഏതെല്ലാം കമ്പനികളിൽ നിന്നും സാങ്കേതിക സഹായം സ്വീകരിക്കുന്നുണ്ട്; എന്തെല്ലാം കാര്യങ്ങൾക്ക് വേണ്ടിയാണ് ഈ സഹായം സ്വീകരിക്കുന്നത്; എന്തു വ്യവസ്ഥയിലാണ് ഈ സഹായം സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) റബ്കോ ഹവായ് ചപ്പൽ, സൈക്കിൾ ടയർ, ട്യൂബ്, റബ് വുഡ് ഫർണിച്ചർ, പാനൽ ബോർഡുകൾ, റബൈസ്ഡ് കൊയർ മാറ്റ്ട്രസ്സ് എന്നീ ഉൽപ്പന്നങ്ങൾ ഇപ്പോൾ ഉണ്ടാക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) പ്രസക്തമല്ല.

(ഡി) ഹൈടെക്ക് സെറ്റോഴ്സ്, മലേഷ്യാ എന്ന കമ്പനിയിൽ നിന്നും ലൈറ്റ് വെയ്റ്റ് ഹവായ് ചപ്പലിനുള്ള സാങ്കേതിക സഹായം സ്വീകരിച്ചിട്ടുണ്ട്. കൺസൾട്ടൻസി വ്യവസ്ഥകൾ പ്രകാരമാണ് സാങ്കേതിക സഹായം സ്വീകരിച്ചിട്ടുള്ളത്. വിദേശ സാങ്കേതിക സഹായത്തിനുള്ള അനുമതി റിസർവ്വ് ബാങ്ക് നൽകിയിട്ടുണ്ടെന്ന് റബ്കോ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ചെറുകിട തുറമുഖങ്ങളുടെ വികസനം

107 [549] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ടി. എൻ. പ്രതാപൻ:
,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ചെറുകിട തുറമുഖങ്ങളാണുള്ളത്;

(ബി) ഇതിൽ ഏതെല്ലാം തുറമുഖങ്ങളെ ടൂറിസ്റ്റ് തുറമുഖങ്ങളായി വികസിപ്പിക്കുവാനുദ്ദേശിക്കുന്നു;

(സി) അതിന്റെ ഭാഗമായി അവിടെ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്;

(ഡി) അവയുടെ പണിക്ക് ഗ്ലോബൽ ടെണ്ടർ വിളിച്ചുവോ; എങ്കിൽ ആരെല്ലാം ടെണ്ടർ നൽകിയിട്ടുണ്ട്; അവയുടെ പണി എന്നത്തേക്ക് ആരംഭിക്കാനാവുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പതിനാല്.

(ബി) ആലപ്പുഴ തുറമുഖം ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ട്.

(സി) ആലപ്പുഴ തുറമുഖവികസനം സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത് അന്തിമ ദിശയിലാണ്. നടത്തേണ്ടുന്ന നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് പ്രോജക്ട് റിപ്പോർട്ട് കിട്ടിയതിനുശേഷം മാത്രമേ തീരുമാനിക്കുവാൻ കഴിയുകയുള്ളൂ.

(ഡി) പദ്ധതിക്ക് സ്വകാര്യ പങ്കാളിത്തം ക്ഷണിച്ചുകൊണ്ട് 5-8-2003-ൽ പത്രപരസ്യം നൽകിയിരുന്നു. മലേഷ്യയിലെ ട്രാൻസ് റിസോഴ്സസ് കോർപ്പറേഷൻ എന്ന കമ്പനി താൽപര്യം പ്രകടിപ്പിച്ചിരുന്നെങ്കിലും തങ്ങളുടെ സാധാരണ പ്രവർത്തനങ്ങൾക്കപ്പുറത്തായതിനാൽ പങ്കെടുക്കുന്നില്ലെന്നറിയിച്ചിട്ടുണ്ട്. പദ്ധതിക്ക് സ്വകാര്യ പങ്കാളിത്തം ക്ഷണിച്ചുകൊണ്ട് വീണ്ടും പത്രപരസ്യം നൽകുന്നുണ്ട്.

വിഴിഞ്ഞം തുറമുഖ വികസനം

108 [550] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നിർദ്ദിഷ്ട തുറമുഖവികസന പദ്ധതികൾക്കുള്ള മൂലധന സംഭരണത്തിന്റെ സ്ഥിതി ഏതവസ്ഥയിലാണ്;

(സി) പ്രസ്തുത തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും വിദേശ ധനകാര്യ സ്ഥാപനങ്ങൾ സഹായം നൽകുന്നുണ്ടോ;

(ഡി) കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയവും ഇതര വകുപ്പുകളും തുറമുഖ നിർമ്മാണത്തിന് എന്തെല്ലാം സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിഴിഞ്ഞത്ത് സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഇന്റർ നാഷണൽ കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly